**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6005 | 08.07.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അട്ടപ്പാടിയിൽ നടപ്പിലാക്കിയ പദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.വി.ശശി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടിയിലെ പഞ്ചായത്തുകളിൽ ഈസർക്കാർ അധികാരമേറ്റശേഷം മാതൃ-ശിശു സംരക്ഷണ വകുപ്പ് ഗർഭിണികൾക്കും സ്ത്രീകൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ഏതെല്ലാം പദ്ധതി വഴി പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ; ഓരോ പഞ്ചായത്തിലും ഓരോ പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ? | (എ)അംഗൻവാടികൾ വഴി അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ഭക്ഷണം നൽകുന്നു. കൂടാതെ Take Home Ration ആയി അനുപൂരക പോഷകാഹാരവും നൽകി വരുന്നു. 2011 മുതൽ 2013 വരെ പൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ഓരോ പഞ്ചായത്തും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. |
| (ബി) പോഷകാഹാരം വിതരണം ചെയ്യുന്നതിന് വീഴ്ച സംഭവിച്ചതായി റിപ്പോർട്ടുണ്ടോ ; ഇതിനെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) പോഷകാഹാര വിതരണത്തിൽ വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഇതു സംബന്ധിച്ച് ഡയറക്ടർക്കു നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Table to answer (എ):

| പഞ്ചായത്ത് | തുക | |
|---|---|---|
| | വർഷം 2011 -12 | വർഷം 2012 -13 |
| അഗളി | 50,25,059/- രൂപ | 40,85,560/- രൂപ |
| പുതൂർ | 41,58,874/- രൂപ | 33,95,149/- രൂപ |
| ഷോളയാർ | 39,33,899/- രൂപ | 33,50,000/- രൂപ |
| **ആകെ** | 1,31,17,832/- രൂപ | 1,08,30,709/- രൂപ |

| | |
|---|---|
| (സി) റാഗി വിതരണത്തിന് സർക്കാർ കരാർ ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) ഈ വകുപ്പിൽ നിന്ന് റാഗി വിതരണത്തിന് കരാർ നൽകിയിട്ടില്ല. |
| (ഡി) അമൃതം പൊടി വിതരണത്തിന് ഓരോ മാസവും ഓരോ പഞ്ചായത്തും എന്ത് തുക വീതം ചെലഴിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ഡി) അമൃതംപൊടി വിതരണത്തിന് ഓരോ പഞ്ചായത്തും പ്രതിമാസം ചെലവാക്കുന്ന ശരാശരി തുക ചുവടെ ചേർക്കുന്നു.<br>അഗളി പഞ്ചായത്ത് - 94,704/- രൂപ<br>പുതൂർ പഞ്ചായത്ത് - 80,416/- രൂപ<br>ഷോളയാർ പഞ്ചായത്ത് - 79,166/- രൂപ |
| (ഇ) തവളഞ്ഞെ കുടുംബശ്രീ യൂണിറ്റിന് ഈ ഇനത്തിൽ എത്ര മാസത്തെ എന്ത് തുക കുടിശ്ശികയുണ്ടെന്നും ഏതെല്ലാം പഞ്ചായത്തുകൾ കുടിശ്ശിക വരുത്തിയെന്നും വ്യക്തമാക്കുമോ ? | (ഇ) തവളഞ്ഞെ തേജസ് കുടുംബശ്രീ യൂണിറ്റിന് നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>അഗളി - 3 മാസം - 5 ലക്ഷം രൂപ<br>പുതൂർ - 3 മാസം - 1,12,316/- രൂപ<br>ഷോളയാർ - 2 മാസം - 86,911/- രൂപ |

**സെക്ഷൻ ഓഫീസർ**

അനുബന്ധം



നം സി 1204/13

021308

ജില്ലാ സാമൂഹ്യ നീതി ഓഫീസ്
പാലക്കാട് തീയതി 17.06.2013

19 JUN 2013

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
പാലക്കാട്

സാമൂഹ്യ നീതി ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ഐസിഡിഎസ് പ്രോജക്റ്റ്, അട്ടപ്പാടി - ഭക്ഷ്യസാധനങ്ങളുടെ വിതരണം - ക്രമക്കേടുകൾ സംബന്ധിച്ച്

സൂചന :- അട്ടപ്പാടി സി.ഡി.പി.ഓയുടെ 11.06.13ലെ 172/13-14 നമ്പർ കത്ത്

അട്ടപ്പാടിയിൽ ഉണ്ടായ ശിശുമരണങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ 16/04/2013 തീയതിയിൽ പുതുതായി നിയമനം ലഭിച്ച സൂപ്പർവൈസർമാരുടെ മീറ്റിംഗ് അട്ടപ്പാടിയിൽ വച്ച് നടത്തുകയും മരണം നടന്ന തെക്കേ കടമ്പാറ ഊര് സന്ദർശിയ്ക്കുകയും ചെയ്തു. (അംഗൻവാഡി നം 97 ) അന്നുതന്നെ ഉൾപ്രദേശങ്ങളിലുള്ള ഊരുകളിൽ അംഗൻവാഡികളിൽ ഭക്ഷ്യസാധനങ്ങൾ കൃത്യസമയത്തെത്തുന്നില്ല എന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളതുമാണ്.

തുടർന്ന് 20.04.2013ന് ബഹു. സാമൂഹ്യ നീതി ഡയറക്ടർ 20.4.2013ന് അട്ടപ്പാടി സന്ദർശിയ്ക്കുകയും 2 മന്ത്രിമാർ നടത്തിയ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിലും അംഗൻവാഡിയിലെ ഭക്ഷ്യവിതരണത്തെക്കുറിച്ച് വളരെയധികം പരാതികൾ ഉണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ ഇനി മാവേലി സ്റ്റോറിൽ നിന്നുമാത്രമേ വാങ്ങുകയുള്ളു എന്ന് ഡയറക്ടർ യോഗത്തിൽ ഉറപ്പുകൊടുക്കുകയും നിർദ്ദേശിയ്ക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ, 21-ാം തീയതിയും (ഞായറാഴ്ച) അടുത്ത ദിവസങ്ങളിലും സാധനങ്ങൾ അംഗൻവാഡികളിൽ എത്തിയ്ക്കുന്നതായി ബഹു. ജില്ലാ കളക്ടർക്ക് ഫോൺ സന്ദേശം വരുകയും അതിന്റെയടിസ്ഥാനത്തിൽ 23-ാം തീയതി തന്നെ വിതരണം നിർത്തിവെയ്ക്കാൻ അട്ടപ്പാടി സി.ഡി.പി.ഓയ്ക്ക് ഇൗമെയിലിലും ഫോൺ മുഖാന്തിരവും നേരിട്ട് അറിയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ശ്രീമതി ഹാജിറാ ബീവി സൂപ്പർവൈസറൊഴികെ മറ്റു സൂപ്പർവൈസർമാർക്കോ സി.ഡി.പി.ഓയ്ക്കോ വിതരണത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല.

തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ 27.4.13 വരെ ഭക്ഷ്യസാധനങ്ങളുടെ വിതരണം തുടർന്ന് പോയതായും പല അംഗൻവാഡികളിലും 3-4 മാസത്തേക്കുള്ള അളവിൽ അധികമായി നൽകിയതായും കണ്ടു. ചില അംഗൻവാഡികളിൽ മോശപ്പെട്ട സാധനങ്ങളും കാണാൻ കഴിഞ്ഞു. അങ്ങിനെ കണ്ടുപിടിച്ച അധിക അളവിലുള്ള സാധനങ്ങൾ അവിടെ ചാർജുള്ള സൂപ്പർവൈസറുടെ അറിവോ സമ്മതമോ ഇല്ലാതെ തിരികെയെടുത്തു മാറ്റുന്നതായും കാണുന്നു. ഇതിനായി ശ്രീമതി ഹാജറാബീവി പല പ്രദേശങ്ങളിലായി അംഗൻവാഡി വർക്കർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മനസിലാക്കുന്നു.

ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും ശ്രീമതി ഹാജറബീവി സൂപ്പർവൈസർ നൽകുവാൻ തയ്യാറായില്ല. ഒരു അംഗൻവാഡി യിലെ ഇൻസ്പെക്ഷൻ രജിസ്റ്റർ അംഗൻവാഡിയിൽ കാണാതിരിയ്ക്കുകയും അത് ഹാജറാബീവീവി സൂപ്പർവൈസറുടെ കൈവശമാണെന്ന് വർക്കർമാർ പറയുകയും അത് ശ്രീമതി ഹാജറാബീവി സമ്മതിയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി.സി.എം.ഹാജറാബീവി അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 2002 മുതൽ സൂപ്പർവൈസറായി ജോലി ചെയ്തുവരികയും 15/1/13 തീയതി മുതൽ 3 പഞ്ചായത്തുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥയായി ചുമതല നിർവ്വഹിച്ചുവരികയും ആണ്. 4/8/11 തീയതി മുതൽ 2/7/12 തീയതി വരെ സി.ഡി.പി.ഓയുടെ അധിക ചുമതല വഹിച്ചിരുന്നു. എന്നാൽ, ചെയ്യുവാൻ കഴിയുമായിരുന്ന ജോലികൾ ശരിയായ രീതിയിൽ ചെയ്തിട്ടില്ല എന്നാണ് മനസ്സിലാവുന്നത്. അട്ടപ്പാടിയിലെ പോഷകാഹാര വിതരണത്തിലെ പാളിച്ചകൾ കണ്ടെത്തുന്നതിന് കഴിഞ്ഞ 3 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും കണക്കുകളും പരിശോധിയ്ക്കേണ്ടതുണ്ട് എന്ന് കരുതുന്നു.

അംഗൻവാഡികളിൽ സ്റ്റോക്കിലെടുത്ത ഭക്ഷ്യസാധനങ്ങൾ അവിടെ നിന്നും തിരികെ എടുക്കുന്നതും ഔദ്യോഗിക നടപടികൾ ഭക്ഷ്യസാധനങ്ങൾ സപ്ലൈചെയ്യുന്ന ആൾ അതാത് സമയം അറിയുന്നുണ്ട് എന്നതും ഗൗരവമായി കാണണമെന്ന് തോന്നുന്നു. സാമൂഹ്യ ക്ഷേമ ഡയറക്റ്റർ എടുത്ത തീരുമാനത്തിനെതിരായി പ്രവർത്തിച്ചതും ഉചിതമായില്ല.